**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

23.01.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.321

## ആർദ്രം മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷൻ പദ്ധതി വഴി ആരോഗ്യമേഖലയിൽ കൈവരിക്കുവാൻ ലക്ഷ്യമിട്ട കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുക, ജില്ലാ-താലൂക്ക് തല ആശുപത്രികളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കുക, മെഡിക്കൽ കോളേജുകളിലെയും ജില്ലാതല ആശുപത്രികളിലെയും ഒ.പി.വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കുക (ഒ.പി.ട്രാൻസ്ഫർമേഷൻ), ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ഉറപ്പ് വരുത്തുക എന്നിവ ആർദ്രം പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. കൂടാതെ സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഉറപ്പ് വരുത്തുന്നതിനായി ഓരോ ജില്ലയിലും ഓരോ ജില്ലാ ആശുപത്രിയും (വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ പിന്നോക്ക ജില്ലകളിൽ 2 വീതവും) 75 താലൂക്ക് ആശുപത്രികളിലും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. |
| (ബി) | എല്ലാ ജനറൽ ആശുപത്രികളിലെയും ജില്ലാ ആശുപത്രികളിലെയും ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കിയിട്ടുണ്ടോ; | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള 17 ജില്ലാ തല ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള സ്കീമിന് 22.50 കോടി രൂപക്ക് ഭരണാനുമതി ലഭിച്ച് 15 കോടി രൂപ എൻ.എച്ച്.എം.ലേക്ക് പ്രവർത്തനങ്ങൾ നടത്താനായി നൽകിയിട്ടുണ്ട്. വിവിധ ആശുപത്രികളിലെ ഡീറ്റേയിൽസ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലൂടെ ഈ ആശുപത്രിയിലെ ഒ.പി.വിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗീസൗഹൃദമാക്കാനും കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി പ്രകാരം എന്തൊക്കെ അധിക സൗകര്യങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഒരുക്കിയത്; | (സി) | ഒരു കുടുംബത്തിലെ എല്ലാ പേരുടേയും പ്രാഥമികാരോഗ്യ പരിചരണം ഉറപ്പ വരുത്തുക, കേരളത്തിലെ വലിയ തോതിൽ രോഗാതുരതയ്ക്ക് കാരണമാകുന്ന ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം എന്നിവയ്ക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം വിപുലപ്പെടുത്തുക എന്നിവയാണ് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 170 ഡോക്ടർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ 150 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ഇരിപ്പിടം, കുടിവെള്ളം, ടോയിലറ്റ് സൗകര്യം, സൈനേജുകൾ, ആരോഗ്യ ബോധവത്കരണ സംവിധാനങ്ങൾ തുടങ്ങിയവ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. |
| (ഡി) | താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഒരുക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് അനുസൃതമായി ഡോക്ടർമാരുടെയും നേഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | 75 താലൂക്ക് തല ആശുപത്രികളുടെ ഡോക്ടർമാരുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള വിവിധ വിഭാഗം ഡോക്ടർമാരുടെ 266 തസ്തിക സൃഷ്ടിച്ച് നല്കിയിട്ടുണ്ട്. ഇതോടൊപ്പം നേഴ്സ്, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികയിൽ മെച്ചപ്പെട്ട സേവനങ്ങൾക്കായി സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി 44 വിവിധ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യം. വികസന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാൻഫണ്ട്, നബാർഡ്, കിഫ്ബി, എം.പി./എം.എൽ.എ.എന്നീ ഫണ്ട് മുഖേനയും പ്രവർത്തനം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ